(എഫ്) ലോക്കൽ ഫണ്ട് ആഡിറ്റ് മാന്വൽ അംഗീകരിക്കുവാൻ സത്വര നടപടി എടുക്കുമോ ;

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) അഞ്ച് വാല്യങ്ങൾ.

(സി) 1958-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് മാന്വൽ രണ്ടാം വാല്യം സർക്കാർ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1985-ൽ തയ്യാറാക്കിയ മാന്വലിന്റെ പുതിയ 5 വാല്യങ്ങൾക്ക് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കേരള ലോക്കൽ ഫണ്ട് ആഡിറ്റ് അസ്സോസിയേഷൻ ഇതിന്മേൽ അന്തിമ തീരുമാനമായിട്ടില്ല.

(എഫ്) ആഡിറ്റ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച അന്തിമ തീരുമാനമായാൽ മാത്രമെ ലോക്കൽ ഫണ്ട് ആഡിറ്റ് മാന്വൽ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.

ടെസ്റ്റ് പാസാകാതെ ഉദ്യോഗത്തിൽ തുടരുന്നവർ

40 (2753) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിൽനിന്ന് 1999-ൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ഒരു പട്ടികജാതി ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ ആ ഉദ്യോഗസ്ഥൻ ആരായിരുന്നുവെന്നും പിരിച്ചുവിടാനുള്ള കാരണമെന്തായിരുന്നു എന്നും വെളിപ്പെടുത്തുമോ; അദ്ദേഹം എത്ര വർഷം സർവ്വീസുള്ള ആളായിരുന്നു ;

(ബി) ടെസ്റ്റ് പാസാകാതെ പ്രൊമോഷൻ ലഭിച്ച് ഈ വകുപ്പിൽ തുടരുന്ന പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുണ്ടോ ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥനും ഇതേ ആനുകൂല്യം നൽകി സർവ്വീസിൽ തുടരാൻ അനുവദിക്കുമോ ;

(ഇ) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ ആരെയും 1999-ൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽനിന്നും പിരിച്ചു വിട്ടിട്ടില്ല. എന്നാൽ തൃശൂർ ജില്ലയിൽ നിന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ പിട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു ഉദ്യോഗസ്ഥനെ 1999-ൽ പിരിച്ചു വിട്ടിട്ടുണ്ട്. ഒന്നാം ഗ്രേഡ്

LIBRARY ARCHIVES Kerala Legislative Assembly

ആഡിറ്ററായിരുന്ന ശ്രീ.എ. സാബു എന്ന ഉദ്യോഗസ്ഥനെയാണ് 10 വർഷം സേവനം പൂർത്തിയാക്കിയിട്ടും പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ വേണ്ട ടെസ്റ്റ് പാസാകാത്തത് കാരണം പിരിച്ചു വിട്ടിട്ടുള്ളത്.

(ബി &സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി & ഇ) ടെസ്റ്റ് എക്സംപ്ഷനുള്ള അർഹതയില്ലാത്തതുകൊണ്ട് ഈ ആനുകൂല്യം മേൽപറഞ്ഞ ഉദ്യോഗസ്ഥന് അനുവദിക്കാൻ നിർവ്വാഹമില്ല.

ലോക്കൽ ഫണ്ടിലെ സി.എ. മാരുടെ പ്രൊബേഷൻ നീട്ടിയ നടപടി

41 (2754) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ രണ്ട് ജോയിന്റ് ഡയറക്ടർമാരുടെ സി.എ. മാരുടെ പ്രൊബേഷൻ നീട്ടിക്കൊണ്ട് പ്രസ്തുത വകുപ്പിന്റെ മുൻ ഡയറക്ടർ ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ ആരുടെയെല്ലാമെന്ന് പറയാമോ ;

(സി) അവരുടെ പ്രൊബേഷൻ നീട്ടുവാനുള്ള കാരണമെന്താണ് ;

(ഡി) പ്രൊബേഷൻ ഡിക്ലയർ ചെയ്യപ്പെടേണ്ടവരുടെ വർക്കും കോൺടക്റ്റും തൃപ്തികരമാണെന്ന് അവരുടെ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുണ്ടോ ;

(ഇ) ജീവനക്കാരുടെ പ്രൊബേഷൻ ദീർഘിപ്പിക്കുന്നതിന് കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ പ്രൊബേഷൻ ദീർഘിപ്പിക്കത്തക്കവണ്ണം ദോഷകരമായ എന്തെങ്കിലും കാര്യം രേഖപ്പെടുത്തുകയും അത് അവരെകാണിച്ച് ഒപ്പ് വാങ്ങുകയും ചെയ്യണമെന്നുണ്ടോ ;

(എഫ്) ഇത് സംബന്ധിച്ച് അവർ അപ്പീൽ നൽകിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അവരുടെ പ്രൊബേഷൻ നീട്ടിയ നടപടി റദ്ദാക്കുമോ ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്.

(ബി) ശ്രീമതി ആർ ലൈലാബീവി, ശ്രീമതി. എ. ആലീസുകുട്ടി.

(സി) ഇവരുടെ ജോലിയും സ്വഭാവവും തൃപ്തികരമല്ല എന്ന ഡയറക്ടറുടെ അഭിപ്രായം അനുസരിച്ചാണ്.

(ഡി) ഉണ്ട്.

(ഇ) കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ എഴുതേണ്ട ഉദ്യോഗസ്ഥരുടെ കേസുകളിൽ ചെയ്യേണ്ടതാണ്.

(എഫ്) നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly